ഉത്തരം

(എ) കയറ്റിറക്ക് തൊഴിലാളികളുടെ കൂലി ക്രമീകരിക്കുന്നതിനും ആ രംഗത്ത് നിലനിൽക്കുന്നതായി പറയുന്ന ചില അനഭിലഷണീയ പ്രവണതകൾ നിയന്ത്രിക്കുന്നതിനും ഉതകുമാറ് ഒരു നിയമ നിർമ്മാണം നടത്തിയിട്ടുണ്ട്.

(ബി) 2002-ലെ "കേരള ലോഡിംഗ് ആന്റ് അൺലോഡിംഗ് (റെഗുലേഷൻ ഓഫ് വേജസ് ആന്റ് റെസ്ട്രിക്ഷൻ ഓഫ് അൺ ലോഫുൾ പ്രാക്ടീസസ്ഡ്) ആക്ട് പ്രകാരം ഗാർഹിക ആവശ്യത്തിനുള്ള കയറ്റിറക്ക് ജോലികൾ സ്വന്തമായോ സ്വയം തെരഞ്ഞെടുക്കുന്ന തൊഴിലാളികളെ ഉപയോഗിച്ചോ ചെയ്യുന്നതിന് തൊഴിലുടമയ്ക്ക് അധികാരം നൽകിയിട്ടുണ്ട്. പുറമേ, സർക്കാർ പ്രഖ്യാപിക്കുന്നപ്രകാരം വ്യാവസായിക പാർക്ക്, കയറ്റുമതി സംസ്ക്കരണ മേഖല, കാർഷിക വിപണി, വിനോദ സഞ്ചാരപദ്ധതി പ്രദേശം തുടങ്ങിയ ചില പ്രത്യേക മേഖലകളിൽക്കൂടി ഗാർഹിക ആവശ്യങ്ങളെ പോലെതന്നെ കയറ്റിറക്ക് നടത്തുന്നതിന് അനുവദിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ കീഴിൽ വിവിധ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന അഞ്ച് കാർഷിക മാർക്കറ്റുകളെ ഈ നിയമപ്രകാരമുള്ള കാർഷിക മാർക്കറ്റുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ നിയമം നിലവിൽ വന്നതോടുകൂടി ഗാർഹിക മേഖലയിൽ പരാതികൾ ഒഴിവാക്കി ഗാർഹികേതര മേഖലയിൽ കൂടുതൽ സമാധാനം നിലനിർത്താനും പുതിയ വ്യവസായ സംരംഭകർക്കുണ്ടായിരുന്ന ആശങ്കകൾ ദൂരീകരിക്കാനും കഴിഞ്ഞിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ചുമട്ട് തൊഴിലാളികൾക്ക് നിയമപ്രകാരം ലഭിക്കുമായിരുന്ന ഒരു ആനുകൂല്യവും ഈ നിയമം മൂലം നഷ്ടപ്പെട്ടില്ല.

(ഇ-ജി) ഈ നിയമപ്രകാരം ഒരു ജില്ലയിലും കൂലി പുനർനിർണ്ണയം ചെയ്തിട്ടില്ല. ഓരോ ജില്ലയിലും അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചതിനു ശേഷമാണ് കൂലി പുനർ നിർണ്ണയം നടത്തേണ്ടത്. അതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സർക്കസ്, മാജിക് തുടങ്ങിയവയിലൂടെ ഉപജീവനം നടത്തുന്നവർ

48 (1240) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സർക്കസ്, മാജിക്, ഇന്ദ്രജാലം, ജോത്സ്യം, കൈരേഖാ ശാസ്ത്രം തുടങ്ങിയ മേഖലയുമായി ബന്ധപ്പെട്ട് എത്ര പേർ ഉപജീവനം നടത്തുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടി എന്തെങ്കിലും ക്ഷേമ പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ എന്നറിയിക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇതു സംബന്ധിച്ച കണക്കുകളൊന്നും തൊഴിൽ വകുപ്പിൽ ശേഖരിച്ചിട്ടില്ല.

(ബി) ഈ വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടി പ്രത്യേക ക്ഷേമ പദ്ധതികളൊന്നും ഇപ്പോൾ ഈ വകുപ്പിന്റെ പരിഗണനയിലില്ല.

ഇ.എസ്.ഐ. ആശുപത്രികൾ

49 (1241) ശ്രീ. എ. സുജനപാൽ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ,: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഇ.എസ്.ഐ. ആശുപത്രികൾ ഉണ്ട് ;

(ബി) ഈ വർഷം എത്ര പുതിയ ഇ.എസ്.ഐ. ആശുപത്രികൾ ആരംഭിക്കുന്നുണ്ട് ;

(സി) എങ്കിൽ എവിടെയെല്ലാം ;

(ഡി) ഇ.എസ്.ഐ. ആശുപത്രികൾ വിപുലീകരിക്കാനോ അവയ്ക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാനോ ഉദ്ദേശിക്കുന്നുണ്ടോ ; വിശദവിവരം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പതിമൂന്ന്.

(ബി) ഈ വർഷം പുതിയ ആശുപത്രികളൊന്നും ആരംഭിച്ചിട്ടില്ല. ഇതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇപ്പോൾ ഇല്ല. ഇ.എസ്.ഐ. കോർപ്പറേഷൻ ഏറ്റെടുത്ത ആശ്രാമം ലോക്കൽ ഇ.എസ്.ഐ. ആശുപത്രികളിൽ വിപുലീകരണ പ്രവർത്തനങ്ങൾ കോർപ്പറേഷൻ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly